# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4713 — 27.6.2014-ൽ മറുപടിക്ക്

### സ്കൂളുകളിൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>" വി.റ്റി. ബൽറാം<br>" വർക്കല കഹാർ<br>" കെ. മുരളീധരൻ | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
| എ) | സ്കൂളുകളിൽ മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നഗര കാര്യവകുപ്പ് പദ്ധതി ആവിഷ്കരിച്ചി ട്ടുണ്ടോ ; വിശദമാക്കുമോ; | എ) | നഗരസഭകളുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചു വരുന്ന സ്കൂളുകളിൽ മാലിന്യ സംസ്ക്കരണത്തിലേയ്ക്കായി പ്ലാന്റുകൾ സ്ഥാപിക്കുന്നതിന്, പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള നഗരസ ഭകൾക്ക് ആയതിനുള്ള അനുമതിയും സാമ്പത്തിക സഹായവും നൽകിവരുന്നു. |
| ബി) | എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശ ങ്ങൾ അറിയിക്കുമോ ; | ബി) | നഗരസഭയുടെ നിയന്ത്രണത്തിൽ വരുന്ന സ്കൂളുകളിൽ ഉൽപാദിപ്പിക്കപ്പെടുന്ന മാലിന്യം ശാസ്ത്രീയമായി സംസ്ക്കരി ക്കുന്നതിനും അവയിൽ നിന്നും ലഭി ക്കുന്ന ബയോഗ്യാസ് പാചകം ചെയ്യുന്ന തിനും, കമ്പോസ്റ്റ് വളമായിട്ടും ഉപയോഗി ക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. |
| സി) | ആരെല്ലാമാണ് പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത്; വിശദമാക്കുമോ; | സി) | ഈ പദ്ധതിയുടെ വിജയത്തിലേയ്ക്ക് തദ്ദേശ സ്വയംഭരണ വകുപ്പും നഗരസഭ കളും ബന്ധപ്പെട്ട സ്കൂളുകളും സഹകരി ക്കുന്നുണ്ട്. |
| ഡി) | പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടി കൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ ? | ഡി) | നഗരസഭകൾ പദ്ധതി തയ്യാറാക്കി തരുന്ന മുറയ്ക്ക് ശുചിത്വമിഷനിൽ നിന്നും സാങ്കേതിക അനുമതിയും സാമ്പത്തിക സഹായവും നൽകി വരുന്നു. ആയ തിന്റെ നിർവ്വഹണം നടത്തുന്നതിനുള്ള നടപടി അതാത് നഗരസഭകളിൽ നിക്ഷി പ്തമാണ്. പദ്ധതി നടപ്പിലാക്കുന്നതും പ്രവൃത്തി പരിപാലനവും തദ്ദേശ സ്വയംഭ രണ സ്ഥാപനത്തിന്റെ ചുമതലയാണ്. |

സെക്ഷൻ ഓഫീസർ